# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5424 — 01.07.2014-ൽ മറുപടിക്ക്

## പാവപ്പെട്ട ആളുകൾക്ക് സ്വന്തമായി വീട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം: | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) പാവപ്പെട്ട ആളുകൾക്ക് സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെ; പദ്ധതിക്കായി ഫണ്ട് കണ്ടെത്തുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ; | (എ) പാവപ്പെട്ട ആളുകൾക്ക് സ്വന്തമായി വീട് എന്ന് സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി ഭവന നിർമ്മാണ ബോർഡ് മുഖേന സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.<br>സാഫല്യം ഭവന പദ്ധതിയിൽ സർവീസസില്ലാതെ 280 ച.അടി വിസ്തീർണ്ണമുള്ള ഫ്ളാറ്റിന്റെ നിർമ്മാണ ച്ചെലവായ 3.50 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും, 1 ലക്ഷം രൂപ ഹഡ്കോയിൽ നിന്നും സമാഹരിക്കുന്ന വായ്പയും (168 പ്രതിമാസ തവണകളായി ഗുണഭോക്താവിന് തിരിച്ചടവ് വരുന്നതാണ്), 25,000/- രൂപ സന്നദ്ധ സംഘടന/ എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തി വിഹിതവും, 25,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. സർക്കാർ സബ്സിഡി സർക്കാർ ബജറ്റിൽ വകയിരുത്തി ലഭ്യമാക്കുന്ന തുകയിൽ നിന്നുമാണ് ചെലവഴിക്കുന്നത്.<br>ഗൃഹശ്രീ ഭവന പദ്ധതിക്ക് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡ ങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും, അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ/കാരുണ്യവാന്മാ രായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേ |

ണ്ടതാണ്. സർക്കാർ സബ്സിഡിയായി 2 ലക്ഷം രൂപ നൽകുന്നതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗൃഹശ്രീ ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്.

ഗൃഹശ്രീ ഭവന പദ്ധതിയ്ക്കായി സർക്കാർ ഓരോ വർഷവും ബഡ്ജറ്റിലൂടെ അനുവദിക്കുന്ന തുകയാണ് സബ്സിഡി നൽകുന്നതിന് ഉപയോഗിക്കുന്നത്.

ബി) മേൽപ്പറഞ്ഞ പദ്ധതി എവിടെയെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെ; ഈ സ്കീം വഴി എത്ര പേർക്ക് വീട് നൽകാൻ കഴിഞ്ഞു; വീടിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ഗൃഹശ്രീ/സാഫല്യം ഭവന പദ്ധതി പ്രകാരം നൽകിയ വീടുകളുടെ എണ്ണവും പദ്ധതിയ്ക്ക് അർഹരായവരെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും സംബന്ധിച്ച വിശദാംശം

(1) സാഫല്യം ഭവന പദ്ധതി

2011-12, 2013-14 സാമ്പത്തിക വർഷങ്ങളിലെ സർക്കാർ ബജറ്റിലൂടെ ലഭ്യമായ 6 കോടി രൂപ സർക്കാർ സബ്സിഡിയായി വിനിയോഗിച്ചു കൊണ്ട് സാഫല്യം ഭവന പദ്ധതിയിലൂടെ 240 ഫ്ളാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു (കൊല്ലം ചാത്തന്നൂരിൽ 48 ഫ്ളാറ്റുകളും, എറണാകുളത്ത് ചോറ്റാനിക്കരയിൽ 54 ഫ്ളാറ്റുകളും, തൃശ്ശൂർ പുതുക്കാട് 72 ഫ്ളാറ്റുകളും, കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ളാറ്റുകളും). കൂടാതെ കോട്ടയം അകലക്കുന്നത്ത് 48 ഫ്ളാറ്റുകളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്ന തിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള 1000 ലക്ഷം രൂപ 500 ഫ്ളാറ്റുകൾക്ക് സബ്സിഡിയായി വിനിയോഗിക്കുന്നതാണ്. ഇതിൽ എറണാകുളത്ത് ഇലഞ്ഞിയിൽ 48 ഫ്ളാറ്റുകളും, മലപ്പുറത്ത് ഊരകത്ത് 72 ഫ്ളാറ്റുകളും (ആകെ 120 ഫ്ളാറ്റുകൾ) നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്തുകളിൽ നിന്നും പദ്ധതിയ്ക്കായി ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് ബാക്കിയുള്ള 380 ഫ്ളാറ്റുകൾ കൂടി നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു.

പദ്ധതിയിലെ ഗുണഭോക്താക്കളുടെ അർഹതാമാനദണ്ഡം

പദ്ധതി പ്രദേശമുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേയോ, സമീപങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയോ ദുർബല വിഭാഗത്തിൽപ്പെട്ട ഭൂ-ഭവന രഹിതരായ വ്യക്തികളെ (BPL) ഇതിന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നതാണ്.

(2) ഗൃഹശ്രീ ഭവന പദ്ധതി

21/06/2014 ലെ കണക്കു പ്രകാരം 14 ജില്ലകളിൽ പദ്ധതി മുഖേന ഗഡുക്കൾ അനുവദിച്ചത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | ഗഡു വിതരണം ചെയ്തത് | | | |
|---|---|---|---|---|
| | I | II | III | IV |
| ആലപ്പുഴ | 25 | 11 | 4 | 2 |
| എറണാകുളം | 13 | - | - | - |
| ഇടുക്കി | 8 | 2 | - | - |
| കണ്ണൂർ | 9 | 6 | 5 | - |

| | | | | |
|---|---|---|---|---|
| കാസർഗോഡ് | 5 | 2 | - | - |
| കൊല്ലം | 80 | 39 | 2 | - |
| കോട്ടയം | 4 | - | - | - |
| കോഴിക്കോട് | 35 | 11 | 1 | - |
| മലപ്പുറം | 35 | 3 | - | - |
| പാലക്കാട് | 16 | 16 | - | - |
| പത്തനംതിട്ട | 15 | 13 | 7 | - |
| തിരുവനന്തപുരം | 47 | 32 | 21 | 7 |
| തൃശ്ശൂർ | 2 | 2 | - | - |
| വയനാട് | 5 | 2 | 1 | - |
| **ആകെ** | **299** | **139** | **41** | **9** |

<u>ടി പദ്ധതിപ്രകാരമുള്ള അർഹതാ മാനദണ്ഡം താഴെപറയും പ്രകാരമാണ്.</u>

(a) കുറഞ്ഞത് രണ്ടു സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ, റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ, സ്വന്തം പേരിൽഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള (ബി.പി.എൽ) ഗുണ ഭോക്താക്കൾ അർഹരാണ്.

(b) കുറഞ്ഞത് രണ്ട് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരോ റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ളവരോ ആയ ദുർബല വിഭാഗത്തിലെ (EWS) ദാരിദ്ര്യ രേഖയ്ക്ക് താഴെയല്ലാത്തവരും (എ.പി.എൽ) അർഹരാണ്.

(c) കുറഞ്ഞത് മൂന്ന് സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ള താഴ്ന്ന വരുമാനക്കാർക്കും (LIG) അർഹതയുണ്ട്.

കൂടാതെ നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാലുതവണകളായി ഗഡുക്കൾ ലഭിക്കുന്നതിനായി ബോർഡ് നിർഷ്കർഷിച്ചിട്ടുള്ള താഴെപറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതുണ്ട്.

1. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
2. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്നും).
3. വസ്തു കൈവശാവകാശ സർട്ടിഫിക്കറ്റ് ലൊക്കേഷൻ മാപ്പ് സഹിതം (വില്ലേജ് ഓഫീസറിൽ നിന്നും).
4. വസ്തുവിന്റെ പ്രമാണം (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്).
5. റേഷൻകാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്).
6. 13 വർഷത്തെ കുടികട സർട്ടിഫിക്കറ്റ്.
7. ഭവനരഹിതനാണെന്നതിന് വില്ലേജ് ഓഫീസറിൽ/പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്
8. ഭവനനിർമ്മാണത്തിനായി മുമ്പ് സർക്കാർ ധനസഹായം ലഭ്യമായിട്ടില്ല എന്ന് കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.
9. പോക്കു വരവ് ചെയ്ത ശേഷം കരം ഒടുക്കിയ രസീതും, തണ്ടപ്പേർ സർട്ടിഫിക്കറ്റും.
10. ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും, പേരും, വ്യക്തമാക്കുന്ന പേജിന്റെ ഫോട്ടോ കോപ്പി.
11. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST വിഭാഗത്തിന് മാത്രം).